മത്സ്യസംസ്ക്കരണവും ആഭ്യന്തര വിപണനവുമായി ബന്ധപ്പെട്ട ഉപതൊഴിലുകളും

28 (*658) ശ്രീ. എ. എ. ഷുക്കൂർ :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗോള മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യമേഖലയിൽ മത്സ്യ സംസ്ക്കരണത്തിനും ആഭ്യന്തര വിപണനവുമായി ബന്ധപ്പെട്ട് ഉപതൊഴിലുകൾ സൃഷ്ടിക്കുന്നതിനുള്ള പ്രത്യേക പദ്ധതിക്കുമായി 2009-2010 സാമ്പത്തിക വർഷത്തിൽ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് ;

(ബി) ഇതിനായി ഈ കാലയളവിൽ എന്തുതുകയാണ് ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നത് ;

(സി) എത്ര കോടി രൂപയുടെ എന്തൊക്കെ പ്രവർത്തനങ്ങൾ ഈ കാലയളവിൽ നടത്താനായി എന്ന് വ്യക്തമാക്കുമോ ;

(ഡി) തണ്ണീർമുക്കം സമ്പൂർണ്ണ മത്സ്യ ഗ്രാമ പദ്ധതിയുടെ ഭാഗമായി ആധുനിക മത്സ്യ സംസ്ക്കരണ ക്ലസ്റ്റർ സ്ഥാപിക്കുന്നതിന് ഈ കാലയളവിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയത് ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ആഗോള മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യ മേഖലയിൽ മത്സ്യ സംസ്ക്കരണത്തിനും, ആഭ്യന്തര വിപണനവുമായി ബന്ധപ്പെട്ട മത്സ്യത്തൊഴിലാളി കുടുബങ്ങൾക്ക് ഉപതൊഴിലുകൾ സൃഷ്ടിക്കുന്നതിനും അതിലൂടെ വരുമാന വർദ്ധനവ് ഉണ്ടാക്കുന്നതിനും അനുയോജ്യമായ വിവിധ പദ്ധതികൾ മത്സ്യഫെഡ് മുഖേന നടപ്പാക്കി വരുന്നു. കൊച്ചിയിലും കോഴിക്കോടുമായി 20 ആധുനിക മത്സ്യ വിൽപ്പനശാല ആരംഭിക്കുന്നതിനും, അതിലേക്ക് മത്സ്യം ലഭ്യമാക്കുന്നതിന് ബേസ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുമായി 168 ലക്ഷം രൂപ മുതൽ മുടക്കുള്ള പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിലേക്കായി 168 ലക്ഷം രൂപ മത്സ്യഫെഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഒരു ഹാർബറിലും, രണ്ട് ലാന്റിംഗ് സെന്ററുകളിലുമായി ഐസ് പ്ലാന്റ്, താൽക്കാലികമായി സ്റ്റോറേജ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കിയും തെരഞ്ഞെടുക്കുന്ന മൂന്ന് മാർക്കറ്റുകളുടെ നവീകരണത്തിനുമായി 415 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിലേക്കായി വകയിരുത്തിയിട്ടുള്ള 400 ലക്ഷം രൂപ മത്സ്യഫെഡിന് അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കായി 32 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഈ പദ്ധതിയിൽ 115 ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് ഒരു യൂണിറ്റ് പരമാവധി 25000 രൂപ എന്ന നിരക്കിലാണ് സാമ്പത്തിക സഹായം നൽകുന്നത്. ഈ പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 850 ലക്ഷം രൂപയാണ് ഇതിനായി 2009-10 ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്.

(സി) കൊച്ചിയിലും കോഴിക്കോടുമായി 20 ആധുനിക മത്സ്യവിൽപ്പനശാല ആരംഭിക്കുന്നതിനും, അതിലേക്ക് മത്സ്യം ലഭ്യമാക്കുന്നതിന് ബേസ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുമായി 168 ലക്ഷം രൂപ മുതൽ മുടക്കുള്ള പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിലേക്കായി 168 ലക്ഷം രൂപ മത്സ്യഫെഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഒരു ഹാർബറിലും രണ്ട് ലാന്റിംഗ് സെന്ററുകളിലുമായി ഐസ് പ്ലാന്റ്, താൽക്കാലികമായി സ്റ്റോറേജ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കിയും തെരഞ്ഞെടുക്കുന്ന മൂന്ന് മാർക്കറ്റുകളുടെ നവീകരണത്തിനുമായി 415 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിലേക്കായി വകയിരുത്തിയിട്ടുള്ള 400 ലക്ഷം രൂപ മത്സ്യഫെഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. മത്സ്യഫെഡ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ച് വരുന്നു. ഫിഷിംഗ് ഹാർബർ, ലാന്റിംഗ് സെന്ററുകൾ എന്നിവയിൽ ഐസ് പ്ലാന്റ്, കോൾഡ് സ്റ്റോറേജ് സംവിധാനങ്ങൾ ഒരുക്കി തെരഞ്ഞെടുക്കപ്പെട്ട മൂന്ന് മാർക്കറ്റുകൾ നവീകരിക്കുന്ന പദ്ധതിയനുസരിച്ച് മത്സ്യഫെഡിന് അനുവദിച്ചു നൽകിയ 400 ലക്ഷത്തിൽ 280 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(1) മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങളുടെ നിർമ്മാണ വിപണന യൂണിറ്റ്

ഈ പദ്ധതിയിൽ സംസ്ഥാനത്തെ 9 ജില്ലകളിൽ നിന്നായി ഓരോ യൂണിറ്റിലും 5 അംഗങ്ങൾ വീതം ഉള്ള 100 യൂണിറ്റുകൾക്കാണ് ധനസഹായം നൽകുന്നത്. ഈ പദ്ധതിക്കായി 250 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(2) ഉല്പന്നങ്ങളുടെ വിപണനത്തിനുള്ള സഹായം

മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങളുടെ നിർമ്മാണ വിപണന യൂണിറ്റുകൾ സംബന്ധിച്ച് തെരഞ്ഞെടുത്ത ഗ്രൂപ്പുകൾക്ക് കോൺസെന്റൈസേഷൻ, അച്ചീവ്മെന്റ് മോട്ടിവേഷൻ ആന്റ് മാനേജ്മെന്റ് ട്രെയിനിംഗ് എന്നീ പരിശീലന പരിപാടികൾ നടത്തി. ആദ്യ ഗഡു ധനസഹായം നൽകിവരുന്നു. ഉൽപ്പന്നങ്ങളുടെ വിപണനത്തിനുള്ള സഹായമായി ഇതുവരെ ഇതിൽ 58 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) തണ്ണീർമുക്കം പഞ്ചായത്തിലെ പൊതുജലാശയങ്ങളിൽ ശാസ്ത്രീയ-പരിസ്ഥിതി സൗഹൃദ രീതിയിൽ മത്സ്യക്കൃഷി നടത്തുന്നതിനായി 9 കർഷക കൂട്ടായ്മകളുടെ ഒരു ക്ലസ്റ്റർ ഉണ്ടാക്കി വിജയകരമായി മത്സ്യക്കൃഷി നടത്തിവരുന്നു. പഞ്ചായത്തിലെ പൊതുജലാശയങ്ങളുടെ ആകെ വിസ്തീർണ്ണം ഏകദേശം 10 ഏക്കർ ആണ്. കൂടാതെ 50 ഏക്കറോളം വരുന്ന വീട്ടുകുളങ്ങളിലും മത്സ്യക്കൃഷി നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly